**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2663** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി .സത്യൻ,<br>ശ്രീ. പുരുഷൻ കടലുണ്ടി,<br>ശ്രീ. പി.വി.അൻവർ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി - പട്ടിക വർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും മികച്ച പഠന സൗകര്യമൊരുക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 9എം.ആർ.എസുകളാണ് പ്രവർത്തിച്ചു വരുന്നത്. എം.ആർ.എസുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ.ടി ലാബ്, സയൻസ് ലാബ്, ഭൂമി ശാസ്ത്ര ലാബ്, ലാംഗ്വേജ് ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. എം.ആർ.എസ് കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുന്നപ്ര എം.ആർ.എസ്-ന് നിലവിൽ ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചു കഴിഞ്ഞു. എം.ആർ.എസ് കളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലാസ് റൂമുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.പി.സി പദ്ധതി എല്ലാ എം.ആർ.എസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ASAP ന്റെ കോഴ്സുകൾ എം.ആർ.എസുകളിൽ നടപ്പാക്കിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം നടത്തപ്പെടുന്ന പദ്ധതികളും എം.ആർ.എസുകളിൽ നടപ്പാക്കുന്നുണ്ട്. മോറൽ വാല്യൂ ക്ലാസ്സുകൾ, മോട്ടിവേഷൻ ക്ലാസ്സുകൾ, ലിറ്റിൽ കൈറ്റ്, ഹലോ ഇംഗ്ലീഷ് പ്രോഗ്രാം എന്നിവ എം.ആർ.എസ് കളിൽ നൽകി വരുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി മേട്രൻ കം റസിഡന്റ് ട്യൂട്ടർമാരെയും വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി കൗൺസലർമാരെയും നിയമിക്കുന്നുണ്ട്. എം.ആർ.എസ് കളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കെട്ടിടങ്ങൾക്കാവശ്യമായ മെയിന്റനൻസ്, പെയിന്റിംഗ് എന്നിവ നടത്തി വരുന്നു. എം.ആർ.എസ് കളിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. അധിക നിർമ്മാണ പ്രവൃത്തികൾ, ഫർണീച്ചർ വാങ്ങൽ, മെയിന്റനൻസ്, കൊതുകുവല സ്ഥാപിക്കൽ, പെയിന്റിംഗ് തുടങ്ങിയ വിവിധ പ്രവൃത്തികൾക്ക് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകി വരുന്നുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമായ ബെഡ് , ബെഡ്ഷീറ്റ്, പില്ലോ തുടങ്ങിയവ ആവശ്യകത അനുസരിച്ച് അനുവദിച്ചു വരുന്നു. എല്ലാ എം.ആർ.എസ് കളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണത്തിനും പരിപാലനത്തിനുമായി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ടോയ്ലറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, ജല ശുദ്ധീകരണ പദ്ധതി, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനി മാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി.ടി.വി, സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ, ബയോ ഹസാർഡ് സ്പിൽ കിറ്റ് എന്നിവ ലഭ്യമാക്കുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനാന്തരീക്ഷവും, അദ്ധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബുകൾ, ഇ ബുക്ക്, ലൈബ്രറി എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി - പട്ടിക വർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള പ്രീമെട്രിക് ,പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയൽ ഹോസ്റ്റലുകളിൽ അനുവദിച്ചിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ കുഴിക്കുന്നതിന്/വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ് കവർ, ബെഡ്ഷീറ്റ് തുടങ്ങിയവ സമയബന്ധിതമായി അനുവദിച്ചു നൽകുന്നുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈന്റർ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ സാനിറ്ററി പാഡ് സംസ്കരണ യന്ത്രം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉപയോഗശൂന്യമായ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും, പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ഭൗതീക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഹോസ്റ്റലുകളുടെ ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് സി.സി.ടി.വി, മിനി മാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി 74 ഹോസ്റ്റലുകളിൽ അഗ്നി പ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി ബയോ ഹസാർഡ് സ്പിൽ കിറ്റ് സ്ഥാപിച്ചിട്ടുണ്ട്. 30 ഹോസ്റ്റലുകളിൽ സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പഠനത്തിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാനായി പ്രത്യേക പദ്ധതികൾ ഉണ്ടോ; | (സി) | പഠനത്തിൽ മികവ് പുലർത്തുന്ന പട്ടികജാതി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി 4, 7 ക്ലാസ്സുകളിൽ വർഷാന്ത്യ പരീക്ഷയിൽ ലഭിക്കുന്ന ഗ്രേഡിന്റെ അടിസ്ഥാനത്തിൽ അയ്യങ്കാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. എസ്.എസ്.എൽ.സി മുതൽ പോസ്റ്റ് ഗ്രാജ്വേഷൻ, മറ്റ് പ്രൊഫഷണൽ കോഴ്സ് വരെയുള്ള കോഴ്സുകളിൽ |

| | | | |
|---|---|---|---|
| | | | ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് അവർക്ക് ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. പഠനത്തിൽ മികവ് പുലർത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനം, തെരഞ്ഞെടുക്കപ്പെട്ട 32 പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് രണ്ടാം വർഷം പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം, വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനുള്ള ധനസഹായ പദ്ധതി, 5-ാം ക്ലാസ് മുതലുള്ള തുടർപഠനത്തിന് ധനസഹായം നൽകുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി, അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതി, മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്ന പദ്ധതി, +2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലന പദ്ധതി , പ്രീമെട്രിക് തലത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ്, സംസ്ഥാനത്തിനകത്തും പുറത്തും പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | വാത്സല്യ നിധി, ഗോത്ര വാത്സല്യ നിധി എന്നീ പദ്ധതികളിൽ നാളിതുവരെ എത്ര പേർക്ക് പ്രയോജനം ലഭിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണോ? | (ഡി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വാത്സല്യ നിധി പദ്ധതി പ്രകാരം നാല് ഗഡുക്കളായി 1,38,000/-രൂപ പെൺകുട്ടികളുടെ പേരിൽ എൽ.ഐ.സിയിൽ നിക്ഷേപിക്കുന്നുണ്ട്. ഒന്നാം ഗഡു - 39,000/-രൂപ രണ്ടാം ഗഡു - 36,000/-രൂപ മൂന്നാം ഗഡു - 33,000/-രൂപ നാലാം ഗഡു - 30,000/-രൂപ ആകെ 12121 കുട്ടികൾക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ആദ്യ ഗഡു തുകയായ 39,000/-രൂപ നിരക്കിൽ 47,27,19,000/-രൂപ വാത്സല്യ നിധി പദ്ധതി പ്രകാരം എൽ.ഐ.സിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഗോത്രവാത്സല്യ നിധി പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം 2088 പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ